LIBRARY ARCHIVES Kerala Legislative Assembly

സമരംമൂലം വന്ന നാശനഷ്ടം

147 [739] ശ്രീ. യു. സി. രാമൻ:
„ സി. മമ്മൂട്ടി:
„ സി. മോയിൻകുട്ടി:
„ ഇ. ടി. മുഹമ്മദ് ബഷീർ:
„ പി. കെ. അബ്ദുറബ്ബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രതിപക്ഷ വിദ്യാർത്ഥി- യുവ ജന-ട്രേഡ് യൂണിയൻ സർവീസ് സംഘടനകളുടെ നേതൃത്വത്തിൽ എത്ര സമരങ്ങൾ നടന്നു എന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ സമരത്തിന്റെ മറവിലും സമരക്കാർ ഉണ്ടാക്കിയ നാശനഷ്ടങ്ങൾ എത്രയെന്ന് വ്യക്തമാക്കാമോ;

(സി) പൊതുമുതൽ നശിപ്പിച്ച സമരക്കാർക്ക്നേരെ സ്വീകരിച്ച നടപടി വിശദീകരിക്കാമോ;

(ഡി) പൊതുമുതൽ നശിപ്പിച്ചും, ക്രമസമാധാനം തകർത്തും നടത്തുന്ന ഇത്തരം സമരങ്ങളെ നിയന്ത്രിക്കാനും നേരിടാനും വേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ—ഡി) വിവരം ശേഖരിച്ചുവരുന്നു.

മണ്ഡല-മകര വിളക്ക് കാലത്ത് ശബരിമലയിൽ നടന്ന പോലീസ് അതിക്രമം

148 [740] ശ്രീ. തോമസ് ഉണ്ണിയാടൻ:
ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി:
ശ്രീ. സ്റ്റീഫൻ ജോർജ്:
„ ജോസഫ് എം. പുതുശ്ശേരി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ഡല-മകരവിളക്ക് മഹോത്സവ കാലത്ത് ശബരിമലയിൽ പോലീസ് എന്തെങ്കിലും അതിക്രമങ്ങൾ നടത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതനുസരിച്ച് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(സി) എത്ര പോലീസുകാർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടെന്നറിയിക്കാമോ;